F2/51/22

സ.ഉ.(സാധാ) നം.286/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം -വനം വകുപ്പിൽ കോന്നി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ അബ്ദുൾ സത്താർ ലബ്ബക്ക് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.286/2022/F&WLD തീയതി,തിരുവനന്തപുരം, 08-07-2022.

---

പരാമർശം:- 1. ജി.ഒ.(ആർ.റ്റി) നമ്പർ 162/2001/വനം തീയതി 25.04.2001.

പരാമർശം:- 2. ശ്രീ.അബ്ദുൾ സത്താർ ലബ്ബ എ സമർപ്പിച്ച 31.02.2022 -ലെ നിവേദനം.

3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29.03.2022 -ലെ ഇ3 -1043/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഫോറസ്റ്റ് ഗാർഡായി ജോലിയിൽ പ്രവേശിച്ച ശ്രീ. അബ്ദുൾ സത്താർ ലബ്ബയ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെതുടർന്ന്, പരാമർശം (1) പ്രകാരം ലോവർ ഡിവഷൻ ക്ലാർക്ക് ആയി തസ്തികമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു.

2. ഫോറസ്റ്റ് ഗാർഡിന്റെ തസ്തികയിൽ പ്രവേശിക്കുന്ന സമയത്തും, തസ്തികമാറ്റം വഴി ലോവർ ഡിവിഷൻ ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്ന സമയത്തും ഇരു തസ്തികകളിലും സമാന ശമ്പള സ്കെയിലിലായിരുന്നു എന്നത് കൂടി കണക്കിലെടുത്ത് മേൽ രണ്ട് തസ്തികകളുടെയും സേവന കാലയളവ് ഒന്നിച്ച് കണക്കാക്കി സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ശ്രീ. അബ്ദുൾ സത്താർ ലബ്ബ നൽകിയ അപേക്ഷ, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നു

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. The Rights of Persons With Disabilities Act, 2016 ലെ വ്യവസ്ഥകൾ കണക്കിലെടുത്ത്, സമയ ബന്ധിത ഹയർ ഗ്രേഡിന്റെ നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, കോന്നി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ ഹെഡ് അക്കൗണ്ടന്റായ ശ്രീ. അബ്ദുൾ സത്താർ ലബ്ബ-യുടേത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാന്റെ രണ്ട് തസ്തികകളുടേയും സേവന കാലയളവ് ഒന്നിച്ച് കണക്കാക്കി സമയബന്ധിത

ഹയർഗ്രേഡുകൾ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
ശ്രീ. അബ്ദുൾ സത്താർ ലബ്ബ, ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖാന്തരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള ,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( അഗ്രി-ബി2/174/2022-ധന (2057444),തീയതി. 28.06.2022 )
വെബ്ബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 12-07-2022 11:22:39
സെക്ഷൻ ഓഫീസർ